# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 190 — 19.06.2012-ൽ മറുപടിക്ക്.

## പേഴ്സണൽ റാപ്പിഡ് ട്രാൻസിറ്റ് സിസ്റ്റം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. പി. വിൻസെന്റ്;<br>ശ്രീ. വി.ഡി. സതീശൻ:<br>ശ്രീ. പി. സി. വിഷ്ണുനാഥ്:<br>ശ്രീ. പാലോട് രവി: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും<br>വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പേഴ്സണൽ റാപ്പിഡ് ട്രാൻസിറ്റ് സിസ്റ്റം പദ്ധതി ആവിഷ്ക്കരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇത് നടപ്പാക്കുന്നതിന് ഏതെല്ലാം ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് തിരുവനന്തപുരത്തും കോട്ടയത്തും പേഴ്സണൽ റാപ്പിഡ് ട്രാൻസിറ്റ് സിസ്റ്റം നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനായുള്ള നിർദ്ദേശം സമർപ്പിക്കുവാൻ ഇൻകെൽ - നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>കൂടാതെ പദ്ധതി നടത്തിപ്പിനായി ധനകാര്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായി ഒരു കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രാരംഭ നടപടി എന്ന നിലയിൽ ട്രാഫിക് സർവ്വേ ആരംഭിച്ചിട്ടുണ്ട്. |
| (സി) | പദ്ധതി നടപ്പാക്കുന്നതിനുള്ള ധനസമാഹരണ മാർഗ്ഗങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (സി) | സിയാൽ മാതൃകയിൽ പൊതു - സ്വകാര്യ മേഖലയിൽ നിന്നും ധനസമാഹരണം നടത്താം എന്നാണ് വിഭാവനം ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ